പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നംപർ. 4446

26.06.2014 ൽ
മറുപടിക്ക്

# തിരുവള്ളൂരിൽ വയൽ നികത്തിയ നടപടി

ചോദ്യം

ശ്രീമതി.കെ.കെ.ലതിക :

ഉത്തരം

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | കോഴിക്കോട് ജില്ല വടകര താലൂക്ക് തിരുവള്ളൂർ വില്ലേജിൽപ്പെട്ട നെൽവയലുകൾ വ്യാപകമായി നികത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (എ) | കോഴിക്കോട് ജില്ല വടകര താലൂക്ക് തിരുവള്ളൂർ വില്ലേജിൽപ്പെട്ട നെൽവയലുകൾ വ്യാപകമായി നികത്തുന്നത് സംബന്ധിച്ച് 03.06.2014 ന് ശ്രീ.പി.എൻ.കുമാരൻ, കെ.എസ്.കെ.ടി.യു. തിരുവള്ളൂർ വില്ലേജ് കമ്മിറ്റി എന്ന പേരിൽ ഒരു പരാതി കോഴിക്കോട് ജില്ലാ കളക്ടേറ്റിൽ ലഭിച്ചിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ പരാതി ലഭിച്ചിട്ടുണ്ടോ ; ഏതെല്ലാം ഉടമകൾക്കെതിരെയാണ് പരാതി ഉയർന്നിട്ടുള്ളത് ; | (ബി) | പരാതി ലഭിച്ചിട്ടുണ്ട്. പേരു വിവരം ചുവടെ ചേർക്കുന്നു.<br>1. പിലാകണ്ടി താമസിക്കും സ്വർണ്ണമഹൽ മുഹമ്മദാലി<br>2. കണ്ണംവെള്ളി താമസിക്കും പുതിയോട്ടിൽ കുഞ്ഞബ്ദുള്ള.<br>3. പുതുകടി താമസിക്കും മുതുവണ്ണച്ചേരി കുഞ്ഞബ്ദുള്ള.<br>4. അമ്മാരത്ത് മൊയ്തു, അബ്ദുള്ള, അന്ത്രു.<br>5. പടിഞ്ഞാറെ തലയ്ക്കൽ കുഞ്ഞമ്മദ് ഹാജി<br>6. മേലെ തുരുവന മൊയ്തു ഹാജി<br>7. തൈത്തോട്ടത്തിൽ കുഞ്ഞാൻകുട്ടി.<br>8. കാരംതോട്ടത്തിൽ കെ.ടി.മൂസ്സ.<br>9. ചാത്തോത്ത് യൂസഫ്, കവുന്തമ്മൽ കുഞ്ഞബ്ദുള്ള.<br>10. കരുവാരി കുഞ്ഞബ്ദുള്ള, കട്ടിലേരി പറമ്പത്ത് മൊയ്തു, അമ്മത്, ഹസ്സൻ |

| | | | |
|---|---|---|---|
| (സി) | നെൽകൃഷി സംരക്ഷിക്കപ്പെടും എന്ന് ഉറപ്പ വരുത്തുവാൻ പ്രസ്തുത സ്ഥലത്ത് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ ? | (സി) | പരാതിയിൽ അന്വേഷണം നടത്തി വടകര തഹസീൽദാർ റിപ്പോർട്ട് ലഭ്യമാക്കിയാലുടൻ തന്നെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ജില്ലാ കളക്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>സെക്ഷൻ ഓഫീസർ |